നമ്പർ 2436/15/പൊ.വി. പുറപ്പെടുവിക്കുകയും ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാവർക്കും 23-6-2015-ൽ അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. (രേഖകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഹെഡ് മാസ്റ്റർമാരുടെയും ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരുടെയുംനിയമനം

30 (3753) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരുടെയും ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽമാരുടെയും എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഹൈസ്കൂൾ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ ; ഈ ലിസ്റ്റിൽ നിന്നും ഹെഡ്മാസ്റ്റർമാരുടെ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഹെഡ്മാസ്റ്റർമാരുടെ ഒഴിവുകൾ എന്നത്തേക്ക് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രൊമോഷൻ ടെസ്റ്റിൽ ജയിക്കുന്നവരെ ഹെഡ്മാസ്റ്റർമാരായി നിയമിച്ചാൽ മതിയെന്ന് തീരുമാനമുണ്ടോ ;

(ഡി) സർവ്വീസ് റൂൾ അനുസരിച്ച് അമ്പത് വസസ്സ് കഴിഞ്ഞവരെ പ്രൊമോഷൻ ടെസ്റ്റ് എഴുതുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ;

(ഇ) ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരുടെ ഒഴിവുകൾ എന്നത്തേക്ക് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹൈസ്കൂളിൽ 38 ഹെഡ്മാസ്റ്റർമാരുടെയും സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 118 പ്രിൻസിപ്പൽമാരുടെയും ഒഴിവുകൾ നിലവിലുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹൈസ്കൂൾ അദ്ധ്യാപകരുടെ സീനിയോറിട്ടി ലിസ്റ്റ് നിലവിലുണ്ട്. 1991-1996 വർഷത്തെ എച്ച്.എസ്.എ.-മാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി അംഗീകരിക്കുന്ന ലിസ്റ്റിൽ നിന്നുമാണ് ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ നിയമനം നടത്തുന്നത്. ഒഴിവുകൾ ഉടൻതന്നെ നികത്തുന്നതാണ്.

(സി) ടെസ്റ്റ് പാസ്സാകാത്തവരെ പ്രൊമോഷന് പരിഗണിക്കരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുണ്ട്. 16-5-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 117/2015/പൊ.വി. പ്രകാരം ടെസ്റ്റ് പാസ്സായവർക്ക് പ്രൊമോഷനിൽ മുൻഗണന നൽകണമെന്നുകൂടി നിർദ്ദേശിച്ചിട്ടുണ്ട്. 22-6-2015-ൽ കൂടിയ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റിയിൽ ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് പാസ്സായവർക്ക് മാത്രം പ്രൊമോഷൻ നൽകിയാൽ മതിയെന്ന് തീരുമാനമെടുത്തിരുന്നു.

(ഡി) സ്പെഷ്യൽ റൂൾസിൽ 50 വയസ്സ് കഴിഞ്ഞവരെ ഡിപ്പാർട്ട്മെന്റ് ടെസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

(ഇ) നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് ഡി.പി.സി. ചേർന്ന് യോഗ്യരായ അദ്ധ്യപകരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കിയതിനുശേഷം സർക്കാർ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രീ-പ്രൈമറി ക്ലാസുകൾ നടത്തുന്നതിനുള്ള അംഗീകാരം

31 (3754) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ പ്രീ-പ്രൈമറി ക്ലാസുകൾ നടത്തുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സ്കൂളുകൾക്കാണ് അംഗീകാരം നൽകിയത് ; സർക്കാർ, എയ്ഡഡ് മേഖല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഒറ്റപ്പാലത്തെ പഴയ ലക്കിടി ജി.എസ്.ബി.എസ്. സ്കൂൾ പ്രീ-പ്രൈമറി ക്ലാസുകൾ തുടങ്ങുന്നതിനായി അനുവാദം ആവശ്യപ്പെട്ടിരുന്നുവോ ; അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) സർക്കാർ സ്കൂളുകളിൽ ആവശ്യമായ സ്ഥലം ലഭ്യമായപക്ഷം ചെലവ് പി.റ്റി.എ. വഹിക്കാമെന്ന വ്യവസ്ഥയിൽ പി.റ്റി.എ.-യുടെ നിയന്ത്രണത്തിൽ പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിക്കുന്നതിന് 1988-ൽ അനുവാദം നൽകുകയുണ്ടായി. ഇപ്രകാരം 7-12-2012 വരെ ആരംഭിച്ച് പ്രവർത്തിച്ചുവരുന്ന പ്രീ-പ്രൈമറികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly